I/114861/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക.ജി, ഐ എ എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 07.07.2023 ലെ 2257 നം ഗസറ്റ് വിജ്ഞാപനം.

**ഉത്തരവ് നം. DWCD/1942/2022-E9 തീയതി: 08-09-2023**

വനിത ശിശു വികസന വകുപ്പില് സീനിയർ സൂപ്രണ്ട് തസ്തികയിൽ ആകെ 2 4 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. പാലക്കാട് ജില്ലാതല ICDS സെല്ലിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. സന്തോഷ്ബാബു എം 31.08.2023 ന് വിരമിച്ചതിലൂടെ ഒരു ഒഴിവ് വന്നിട്ടുണ്ട്.

വനിത ശിശു വികസന വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ടായുള്ള ഉദ്യോഗക്കയറ്റത്തിനായി 2023 ലെ DPC (L) കൂടി തയ്യാറാക്കിയ സെലക്റ്റ് ലിസ്റ്റ് പരാമർശ പ്രകാരം അംഗീകരിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത സെലക്റ്റ് ലിസ്റ്റിൽ ക്രമ നം. 6 വരെയുള്ളവർക്ക് ഇതിനകം സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുണ്ട്. ശ്രീ. സന്തോഷ്ബാബു എം 31.08.2023 ന് വിരമിച്ചതിലൂടെ പ്രസ്തുത തസ്തികയിൽ വന്ന ഒരു ഒഴിവിലേക്ക സെലക്റ്റ് ലിസ്റ്റിലെ ക്രമ നം 7 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി. ശൈലശ്രീ എ.റ്റി, ജൂനിയർ സൂപ്രണ്ട് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനു അർഹയാണ്.

ഈ സാഹചര്യത്തിൽ സെലക്റ്റ് ലിസ്റ്റിൽ ക്രമ നം 7 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി. ശൈലശ്രീ എ.റ്റി, യെ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് കെ.എസ് & എസ്.എസ്.ആർ ചട്ടം 28 (എ) പ്രകാരം 51400-110300 രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരിയുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി. ശൈലശ്രീ എ.റ്റി, (PEN : 213960), ജൂനിയർ സൂപ്രണ്ട്, ICDS കാസർഗോഡ്. | സീനിയർ സൂപ്രണ്ട്, ജില്ലാ തല ICDS സെൽ, പാലക്കാട്. |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയ്ക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും ജീവനക്കാരി യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. വിടുതൽ / പ്രവേശനം എന്നിവ സംബന്ധിച്ച വിവരം ആർ.ടി.സി -യുടെ പകർപ്പ് സഹിതം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

പ്രിയങ്ക.ജി, ഐ എ എസ്
**വനിത ശിശു വികസന ഡയറക്ടർ**

ശ്രീമതി. ശൈലശ്രീ എ റ്റി

പകർപ്പ് :
1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള (ആമുഖ കത്ത് സഹിതം)
2) ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
3) ജില്ല വനിത ശിശു വികസന ഓഫീസർ, പാലക്കാട്/കാസർഗോഡ്
4) സൂപ്രണ്ട് ഐ.റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) ഇ 7 സീറ്റ്/ഫയൽ/സ്റ്റോക്ക് ഫയൽ

I/114861/2023

6) ഡയറക്ടറുടെ സി.എ

Signed by Priyanka G
Date: 08-09-2023 16:20:35